# നൂറ്റൊന്ന് ആവർത്തിക്കുന്ന സമാധാനദൗത്യങ്ങൾ

ഫാ. ഡോ. കെ. എം. ജോർജ്ജ്*

**മ**ഹാതേജസ്വിയായി അറിയപ്പെട്ടിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ അടുത്തറിഞ്ഞവർ പലരും ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. ആഴമായ പ്രാർത്ഥനയും, കൂദാശാനുഷ്ഠാനങ്ങളും, ഉത്തമ സന്യാസജീവിതവും, തുടർച്ചയായ തിരുവചനധ്യാനവും, പൈതൃകരചനാപഠനവുമൊക്കെ നിഷ്ഠയോടു കൂടി ജീവിതത്തിൽ പുലർത്തിയതാണ് അദ്ദേഹത്തിന്റെ ആത്മശോഭയുടെ കാരണം എന്നു പറയാമെങ്കിലും, അവയൊക്കെ നന്നായി അനുഷ്ഠിച്ച പലർക്കും ലഭിക്കാത്ത ചില സവിശേഷദാനങ്ങൾ ദൈവം *കുറിച്ചി ബാവാ*യ്ക്ക് കൊടുത്തു. മലങ്കരസഭയുടെ നിർണ്ണായകമായ വഴിത്തിരിവിൽ സഭയുടെ മഹാചാര്യനായി, മോശയെപ്പോലെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും വാഗ്ദത്തനാട്ടിലേക്ക് മലങ്കരസഭയെ വഴിനടത്തുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. അപൂർവ്വമായ ഉൾക്കാഴ്ചകളും വേദവ്യാഖ്യാനങ്ങളും അദ്ദേഹത്തിൽ നിന്ന് ഉതിർന്നത് ഔപചാരികപരിശീലനം കൊണ്ടോ ഉയർന്ന വിദ്യാഭാസം കൊണ്ടോ അല്ലായിരുന്നു. Intuition എന്ന് ഇംഗ്ലീഷിൽ വ്യവഹരിക്കുന്ന ഒരു തരം അന്തർജ്ഞാനവും, താൻ സഞ്ചരിക്കേണ്ട വഴിയെക്കുറിച്ചുള്ള സഹജമായ തിരിച്ചറിവും, തന്റെ അടുത്തു വരുന്നവരെ വിസ്മയിപ്പിക്കുന്ന ഉൾശോഭയും ദൈവം അദ്ദേഹത്തിനു കൊടുത്തിരുന്നു.

മലങ്കരസഭയുടെയും സമൂഹത്തിന്റെയും ചരിത്രഗവേഷണത്തിൽ നിഷ്ണാതനായ ഡോ. എം. കുര്യൻ തോമസ് ഇവിടെ സമാഹരിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന യാത്രാരേഖകൾ ആനുകാലിക സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമാണ്.

ആക്ഷരികമായി പറഞ്ഞാൽ മൂന്നു യാത്രാവിവരണങ്ങളാണ് നമ്മുടെ രേഖകൾ. കുറിച്ചി ബാവാ നേരിട്ടെഴുതിയ *യെറുശ്ലേം കത്തുകളും*, അദ്ദേഹത്തിനൊപ്പം സിറിയായിലെ ഹോംസിലേക്ക് സമാധാനദൗത്യത്തിനു പോയ ചെറിയമഠത്തിൽ സ്കറിയാ മൽപ്പാനച്ചന്റെ *യെറുശലേം യാത്രയും*, എഡിൻബെറോയിൽ ആഗോള Faith & Order സമ്മേളനത്തിൽ പങ്കെടുക്കാൻ പ. ബാവാ നടത്തിയ യാത്രയെപ്പറ്റി അസോസിയേഷൻ സെക്രട്ടറി മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ *എഡിൻബെറോ യാത്രാഡയറി*യുമാണ് പ്രധാന സംഗതികൾ. ചില പ്രസക്തങ്ങളായ അനുബന്ധങ്ങൾ കൂടെയുണ്ട്. എല്ലാത്തിനെയും സ്പർശിച്ച് വിലയിരുത്തി ഡോ. കുര്യൻ തോമസിന്റെ ദീർഘമായ ആമുഖലേഖനവും.

മലങ്കരസഭയുടെ ഇരുഭാഗത്തുമുള്ള സജ്ജനങ്ങളെയെല്ലാം നിരന്തരം മുൾമെത്തയിൽ കിടത്തി കുത്തിമുറിച്ച് വേദനിപ്പിക്കുകയും, സാധാരണ വിശ്വാസികളായ അവരുടെ പണമെല്ലാം ചോർത്തിയെടുക്കുകയും ഒരേ കുടുംബത്തിലെ സഹോദരങ്ങളായ അവരെ തീരാത്ത പകയിലേക്കും തെരുവുയുദ്ധങ്ങളിലേക്കും വലിച്ചിഴയ്ക്കുകയും ചെയ്തിരുന്ന സമുദായ/സഭാ കേസ് സമാധാനപരമായി തീർക്കനും സഭയുടെ ഐക്യം വീണ്ടെടുക്കുവാനും വേണ്ടിയാണല്ലോ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യനും മലങ്കരമെത്രാപ്പോലീത്താ എന്ന നിലയിൽ പിൻഗാമിയുമായ കല്ലാച്ചേരിൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായും ശീമയാത്രയ്ക്കു പോകുന്നത്. അവരുടെ യാത്രയുടെ പിന്നിലുള്ള ഉദ്ദേശ്യങ്ങളും യാത്രയിൽ സംഭവിച്ച കാര്യങ്ങളും, സമാധാനചർച്ചകളും, അതിന്റെ ഭാവപകർച്ചകളും പരിണതഫലങ്ങളും വേണ്ട പോലെ പരിഗണിച്ചാൽ ഭാരതമണ്ണിൽ ജനിച്ച ആത്മാഭിമാനമുള്ള ആരും അവരെ പ്രണമിക്കും. അവരുടെ ക്രിസ്തീയമായ താഴ്മയും, സഭയുടെ ഐക്യത്തെക്കുറിച്ചുള്ള ആത്മാർത്ഥമായ ആഗ്രഹങ്ങളും, സഭാശാസ്ത്രപരവും കാനോനികവുമായ സനാതന തത്ത്വങ്ങളിൽ അടിയുറച്ച് എല്ലാ പ്രലോഭനങ്ങളെയും നേരിടാനുള്ള ദൃഢബോദ്ധ്യവും നമ്മെ വിസ്മയിപ്പിക്കും.

ചരിത്രം ആവർത്തിക്കുമെന്ന് ഇംഗ്ലീഷിൽ പറയുമല്ലോ. കഴിഞ്ഞ ആഴ്ച വരെ അങ്ങനെ ആവർത്തിക്കുകയുണ്ടായി. പുതിയ അന്ത്യോക്യാപാത്രിയർക്കീസായി സ്ഥാനമേറ്റ പ. ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ ബാവാ സിറിയായിലെ രാഷ്ട്രീയപരിതസ്ഥിതി മൂലം സ്വന്തം രാജ്യത്തും ആസ്ഥാനത്തും കഴിയാൻ പ്രയാസമായതുകൊണ്ട് ലെബാനോനിൽ താമസിക്കുകയും അതിനിടെ മലങ്കര സന്ദർശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മുഖ്യ അജൻഡ മലങ്കരയിലെ സമാധാനമാണെന്ന് മുമ്പുതന്നെ മാദ്ധ്യമങ്ങളിലൂടെ പ്രഖ്യാപിച്ചിരുന്നതുകൊണ്ട്, അദ്ദേഹം വരുന്ന വിവരം മലങ്കരസഭാനേതൃത്വത്തെ അറിയിച്ചില്ലെങ്കിൽ പോലും പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഒരു സമാധാനദൂത് മുൻകൂട്ടി അയച്ചു. അദ്ദേഹത്തിന്റെ സന്ദർശനം സഭാസമാധാനത്തിനു ഉപയുക്തമാകട്ടെ എന്നായിരുന്നു അതിന്റെ ചുരുക്കം. തന്റെ മുൻഗാമികളായ മഹാരഥന്മാരായ കാതോലിക്കാമാരുടെയും മലങ്കരമെത്രാപ്പോലീത്തമാരുടെയും നല്ല ക്രിസ്തീയമാതൃക പിന്തുടർന്നാണ് അദ്ദേഹം പാത്രിയർക്കീസ് ബാവായ്ക്ക് കത്തയച്ചത്.

മലങ്കരസഭയുടെ ഐക്യത്തിനു വേണ്ടി സഭയുടെ സ്വാതന്ത്ര്യം, തനിമ തുടങ്ങിയ ദൈവദത്തമായ തത്ത്വങ്ങൾ ബലി കഴിക്കാതെ എന്തു ത്യാഗവും അപമാനവും വ്യക്തിപരമായി സഹിക്കാൻ തങ്ങൾ തയ്യാറാണെന്നാണ് മലങ്കരസഭയുടെ മഹാത്മാക്കളായ നേതാക്കൾ അന്ത്യോഖ്യൻ സുറിയാനിസഭയുടെ നേതൃത്വത്തെ എപ്പോഴും അറിയിച്ചിട്ടുള്ളത്. അതിനനുസരിച്ച് മാന്യവും ഔദ്ധത്യരഹിതവും ഐക്യപ്രതിബദ്ധതയുമുള്ള മറുപടികൾ ശീമയിൽ നിന്നു കിട്ടിയിട്ടുണ്ടോ എന്ന് മലങ്കരയിലെ ജനങ്ങൾ അന്വേഷിക്കേണ്ടതാണ്.

സമാധാനദൗത്യത്തെക്കുറിച്ചുള്ള ചെറിയ മഠത്തിൽ മൽപ്പാനച്ചന്റെ ലേഖനം നമുക്ക് ശ്രദ്ധേയമായ വെളിപ്പെടുത്തലുകൾ നൽകുന്നു. ഏതാണ്ട് മുക്കാൽ നൂറ്റാണ്ടു മുമ്പ് മലങ്കരസഭാനേതൃത്വം നടത്തിയ സമാധാനദൗത്യങ്ങളും, അവയ്ക്ക് ശീമയിൽ നിന്നുണ്ടായ പ്രതികരണങ്ങളും, പാത്രിയർക്കീസ് ബാവാമാരുടെ നടപടികളും ഇപ്പോഴത്തെ സാഹചര്യവുമായി താരതമ്യം ചെയ്താൽ ചരിത്രം ആവർത്തിക്കുന്നു എന്ന് ചിലർക്കെങ്കിലും പറയാൻ കഴിയും.

എന്നാൽ ഈ ആവർത്തനത്തിന്റെ സവിശേഷത നാം തിരിച്ചറിയണം. ഒന്നായിരുന്ന മലങ്കരസഭയെ 1970-കളിൽ തുടങ്ങി വെട്ടി മുറിയ്ക്കാൻ കേരളത്തിൽ നേതൃത്വം കൊടുത്ത വ്യക്തി(കൾ) അന്ത്യോഖ്യായുടെയും പാത്രിയർക്കീസന്മാരുടെയും പേരു പറഞ്ഞാണ് ഇവിടെ ഭക്തജനങ്ങളിൽ കാലുഷ്യവും സ്പർദ്ധയും വളർത്തിയത്. വിദ്വേഷം വളർത്തുന്ന പല കൽപ്പനകളും തീരുമാനങ്ങളും പാത്രിയർക്കീസന്മാരുടെ പേരിൽ ഇവിടെയാണ് ഉത്ഭവിച്ചത് എന്ന് എല്ലാവർക്കും അറിയാം. അന്ത്യോഖ്യായോടുള്ള ഭക്ത്യാദരവുകൾ അതിന്റെ മൂർദ്ധന്യത്തിൽ നിർത്തിയിരിക്കുമ്പോഴാണ് മാർ അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വരുവാൻ പദ്ധതിയിട്ടത്. ഇവിടത്തെ പാത്രിയർക്കീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ചിലർ ആ പദ്ധതിക്ക് എതിരു നിന്നതും, പാത്രിയർക്കീസ് ബാവാ തന്റെ യാത്രാപരിപാടി റദ്ദു ചെയ്തതും, പിന്നെ ഇവിടെ നിന്ന് ചില മെത്രാന്മാരുടെ ഒരു സംഘം ചെന്ന് വീണ്ടും സന്ദർശനം പുനരുജ്ജീവിപ്പിച്ചതും എല്ലാവർക്കും അറിയാമല്ലോ.

മലങ്കരസഭയിലെ പാത്രിയർക്കീസ് വിഭാഗത്തിന്റെ അത്യുന്നതനേതൃത്വം, ഈ പുരാതനസഭയുടെ തനിമയോ സ്വാതന്ത്ര്യമോ കാതോലികമായ വ്യക്തിത്വമോ ഒന്നും കണക്കിലെടുത്തല്ല പാത്രിയർക്കാസന്ദർശനത്തെ എതിർത്തത് എന്ന അടുത്തുള്ളവർക്ക് എല്ലാം അറിയാം. ചില സങ്കുചിത സ്വാർത്ഥതാല്പര്യങ്ങളാണ് യഥാർത്ഥ കാരണം. ഇത് ഇനിയും ആവർത്തിക്കും. ഉടനെ ആകണമെന്നില്ല. സഭാതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ പാത്രിയർക്കാധികാരത്തെ ഇവിടത്തെ പാത്രിയർക്കീസ് കക്ഷി തന്നെ ചോദ്യം ചെയ്യാൻ തക്കവിധം ക്രിസ്തീയസഭയുടെ സ്വഭാവത്തെക്കുറിച്ചും, ഇൻഡ്യയിലെ ക്രിസ്തീയദൗത്യത്തെക്കുറിച്ചും അറിവുള്ള ആളുകൾ അവിടെ ഭാവിയിൽ ഉണ്ടാകും. എങ്ങനെയായാലും അനന്തരഫലം ഒന്നു തന്നെ. ഇൻഡ്യയിലെ ഈ അപ്പോസ്തോലികസഭ വീണ്ടും വീണ്ടും വിഭജിക്കപ്പെടുകയാണ്.

വളരെ നാളുകളായി പറയുകയും എഴുതുകയും ചെയ്തത് ആവർത്തിക്കുന്നത് ക്ഷമിക്കണം. അന്ത്യോഖ്യാപാത്രിയർക്കീസ് ബാവാമാർ വ്യക്തിപരമായി എത്ര നല്ലവരും സമാധാനകാംക്ഷികളും ആയിരുന്നാലും, മലങ്കരയിൽ വന്ന് നമ്മുടെ പാവം നിഷ്കളങ്കരായ ഭക്തജനങ്ങളും, അവസരസേവകരായ രാഷ്ട്രീയനേതാക്കളും, അതിസമ്പന്നരായ ചില വിശ്വാസികളും, മാധ്യമങ്ങളും നൽകുന്ന സ്വീകരണ സൽക്കാരങ്ങളും, സുവർണ്ണ ഹസ്തചുംബനങ്ങളും, മലയാളികളുടെ വംശീയമായ വിധേയത്വഭാവത്തോട് ചേർന്ന്, മലങ്കരസഭയെ എങ്ങനെയും വെട്ടി മുറിച്ച നശിപ്പിക്കണം എന്ന് ചിന്തിക്കുന്ന ചില ബാഹ്യശക്തികളുമായി സമരസപ്പെട്ട് വരുമ്പോൾ ഒരു പാത്രിയർക്കീസ് ബാവായും ഇവിടത്തെ ലൗകികാധികാരം കൈവിടുകയില്ല. അവരും മനുഷ്യരാണ് എന്ന് മറക്കരുത്. അപ്രമാദിത്വസിദ്ധാന്തം ഓർത്തഡോക്സ് സഭകൾ ഒരിക്കലും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് പാത്രിയർക്കീസുമാരെ വെറുതെ കുറ്റപ്പെടുത്തരുത്. സ്വന്തം രാജ്യവും ജനങ്ങളും ആസ്ഥാനവും സിംഹാസനവും നഷ്ടപ്പെട്ട എത്ര രാജാക്കന്മാർ ശ്രീരാമനെപ്പോലെ വനവാസത്തിന് സ്വയം തയാറാകും?

സഭയിലും സമൂഹത്തിലും വെറും സാധാരണക്കാരായ പാവപ്പെട്ട വിശ്വാസികളെ അധികാരിവർഗ്ഗം എങ്ങനെയൊക്കെ വഞ്ചിക്കയും വഴി തെറ്റിക്കയും ചെയ്യുന്നു എന്ന് മനസ്സിലാക്കുമ്പോൾ, വാക്കുകൾ രൂക്ഷമാകുന്നത് ക്ഷന്തവ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനൊക്കെ ഈ ഭൂമിമലയാളത്തിൽ പരിഹാരം ഒന്നുമില്ലേ എന്ന് ന്യായമായും ചോദിക്കാം. പരിഹാരമുണ്ട് എന്നുതന്നെയാണ് എളിയ അഭിപ്രായം. പ്രശ്നപരിഹാരത്തിന് മലങ്കരയുടെ സാത്വികരും ജ്ഞാനികളുമായ നേതാക്കൾ ഒരു നൂറ്റാണ്ടായി നൽകിയിരുന്ന വിനയപൂർവ്വമായ നിർദ്ദേശങ്ങളും, അതിനു ശീമയിലെ നേതൃത്വത്തിൽ നിന്ന് ലഭിച്ചിരുന്ന മറുപടികളും ബദൽവ്യവസ്ഥകളും മറ്റും ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് മനസ്സിലാക്കുവാൻ സഹായിക്കുന്നവയാണ് ഈ പുസ്തകത്തിലെ രേഖകൾ.

മലങ്കരസഭയിൽ ആദ്യമായി അന്ത്യോഖ്യാബന്ധത്തിനു പുറത്ത് ലോകത്തിലെ ഇതര ഓർത്തഡോക്സ് സഭകളുമായി വ്യാപകമായ ബന്ധം ഉണ്ടായത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലത്താണ്. അന്ത്യോഖ്യാസുറിയാനിക്കാരുടെ മാത്രം വിധേയത്വത്തിൽ കഴിഞ്ഞുകൂടിയിരുന്നെങ്കിൽ ഒരിക്കലും ഇത്തരം ബന്ധങ്ങളെ അവർ മലങ്കരയിൽ പ്രോത്സാഹിപ്പിക്കുകയില്ലായിരുന്നു.

ചർവ്വിതചർവ്വണം ചെയ്ത സമാധാന വിഷയങ്ങൾ വീണ്ടും ചർച്ച ചെയ്യാൻ ലജ്ജയുണ്ട്. മുമ്പ് പല

പ്പോഴും സൂചിപ്പിച്ചിട്ടുള്ളതുപോലെ, ഇതൊക്കെ ഒരു ചരിത്രസാക്ഷ്യത്തിനായി കുറിക്കയാണ്. സന്തോഷത്തോടും അഭിമാനത്തോടും മലങ്കരസഭയ്ക്ക ഒരുമിച്ചു പോകുവാനും, തെറ്റുകൾ വന്നാൽ ഇവിടെത്തന്നെ പരസ്പരം തിരുത്താനും, അന്ത്യോഖ്യാസഭയുമായി അതിശ്രേഷ്ഠമായ ബന്ധവും സംസർഗ്ഗവും നിലനിർത്താൻ സഹായിക്കുന്ന കാനോനികമായ വ്യവസ്ഥകളും, സാധാരണ വിശ്വാസികളുടെ ഐക്യകാംക്ഷയും നിലനിൽക്കെയാണ് നമ്മുടെ സമൂഹത്തിന്റെ *നിതാന്തവന്ദ്യദിവ്യ*മാരായ ചങ്ങലകൾക്ക് ഭ്രാന്തു പിടിക്കുന്നത്. ജനങ്ങൾക്ക് ഭ്രാന്തില്ലെങ്കിലും അധികാരം കൈയാളുന്ന ചങ്ങലകൾ വിഭ്രാന്തമായി വലിയുകയും മുറുകുകയും തമ്മിൽ കൊരുക്കയും ജനങ്ങളെ വിദ്വേഷത്തിന്റെ കടുംകെട്ടിൽ വീഴ്ത്തുകയും ചെയ്യുന്നു. ശ്വാസംമുട്ടി തളർന്നുവീഴുന്നത് ക്രിസ്തുവിലും തന്റെ ശരീരമായ വിശുദ്ധസഭയിലും വിശ്വാസമർപ്പിക്കുന്ന പാവപ്പെട്ട മനുഷ്യർ. ഇരുമ്പുചങ്ങലകൾക്ക് ആത്മചൈതന്യമില്ലല്ലോ. വേദനയോ കണ്ണുനീരോ ഇല്ലല്ലോ.

കാലം ചെയ്ത പ. സാഖാ പ്രഥമൻ ബാവായോട് ഈ ലേഖകൻ വിനയപൂർവം ചോദിക്കയും പിന്നീട് എഴുതിക്കൊടുക്കയും ചെയ്ത ഒരു സംശയമുണ്ട്. *മലങ്കരയിൽ പല തലമുറകളിലായി സഭാസമാധാനത്തിനു വേണ്ടി ആക്ഷരികമായി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന ആയിരങ്ങൾ രണ്ടു ഭാഗത്തും ഉണ്ടായിട്ടുണ്ട്. സാധാരണ വിശ്വാസികളും വൈദികരും മേൽപ്പട്ടക്കാരും അതിൽ ഉൾപ്പെടും. ഞങ്ങളുടെ പിതാവായ അങ്ങ് കണ്ണീരോടെ പ്രാർത്ഥിക്കുന്നുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ ശീമയിൽ മറ്റാരെങ്കിലും മലങ്കരയ്ക്കായി കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്നതായി അറിയാമോ?* ഇതിന് സാധാരണ ചെയ്യുന്നതുപോലെ അദ്ദേഹം അർത്ഥഗർഭമായ മൗനം പാലിക്കയും കാരുണ്യത്തോടെ എന്നെ നോക്കുകയും ചെയ്തിട്ടുണ്ട്.

ഈ രേഖകളുടെ പ്രസിദ്ധീകരണം പിൻതലമുറകൾക്കു സാക്ഷ്യമാണ്. ഡോ. എം. കുര്യൻ തോമസ് രേഖകൾക്കും അവയുടെ സൂചനകൾക്കും ടിപ്പണി നൽകി നമ്മുടെ വായന സുഗമമാക്കുന്നു. ഒരു തരത്തിലും ഇതിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ആരെയും മുറിപ്പെടുത്താനല്ല എന്ന് നമുക്കറിയാം

സഭയും വേദശാസ്ത്രവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗവേഷണപഠനങ്ങൾ നടത്താൻ വേണ്ടി ആരംഭിച്ചിരിക്കുന്ന *സോപാന ഓർത്തഡോക്സ് അക്കാദമി* ഇതിന്റെ പ്രസിദ്ധീകരണത്തിൽ പങ്കാളിയാവുന്നത് കൂടുതൽ കലഹങ്ങളും തർക്കങ്ങളും സൃഷ്ടിക്കാനല്ല. വിശുദ്ധനും സാത്വികനും ദൈവസ്നേഹിയും മഹർഷിയുമായ ഒരു കാതോലിക്കാ ബാവായും, സത്യസന്ധനും സ്ഥാനമോഹമില്ലാത്തവനും, വലിയ സുറിയാനിപണ്ഡിതനുമായ ചെറിയ മഠത്തിൽ മല്പാനച്ചനും, ശ്രേഷ്ഠസന്യാസിയും പ്രബുദ്ധനുമായിരുന്ന വന്ദ്യ കുറിയാക്കോസ് റമ്പാച്ചനും പറയുന്ന കാര്യങ്ങളുടെ വിശ്വാസ്യതയിലും, അവരുടെ സഭാദർശനത്തിലും സമാധാനവാഞ്ഛയിലും വിശ്വാസമുള്ളതുകൊണ്ടുമാണ് ഇവ പുനഃപ്രസിദ്ധീകരിക്കുന്നത്.

ആയുർവേദത്തിൽ *നൂറ്റൊന്ന് ആവർത്തിക്കുന്ന* എണ്ണകളും മറ്റുമുണ്ട്. ആവർത്തനം സമയവും ചിലവും ഏറുന്നതും വിരസത ഉളവാക്കുന്നതുമാണ്. പക്ഷേ ഈ പ്രക്രിയ മരുന്നിന്റെ ഔഷധവീര്യം കൂട്ടുന്നു. അതുകൊണ്ട് ഈ ലേഖനത്തിന്റെ ശീർഷകത്തിലെ *നൂറ്റൊന്ന് ആവർത്തനം* മലങ്കരസഭയുടെ സൗഖ്യത്തെ മാത്രം മുൻകണ്ടുകൊണ്ടാണ്.

മലങ്കരസഭയുടെ സമാധാനത്തിനും ഐക്യത്തിനും ഈ പ്രസിദ്ധീകരണം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ശുബ്ക്കോനോ തിങ്കൾ
16 ഫെബ്രുവരി 2015
കോട്ടയം.

**(ഡോ. എം. കുര്യൻ തോമസിന്റെ *കുറിച്ചി ബാവായുടെ മൂന്നു പരദേശയാത്രകൾ* എന്ന കൃതിയുടെ അവതാരിക)**